സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളപരിഷ്കരണം

72 [1397] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *പി. ജെ. ജോയി:*
,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് ഉത്തരവായോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ പരിഷ്കരണംവഴി ജീവനക്കാർക്ക് എന്ത് തുകയുടെ ആനുകൂല്യം കിട്ടും?

ഉത്തരം

(എ) 21-6-2005-ലെ സർക്കാർ ഉത്തരവ് (ആർ‌റ്റി.) നം. 145/05/സഹ. പ്രകാരം ജില്ലാ സഹകരണബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഈ പരിഷ്കരണംവഴി ജീവനക്കാർക്ക് കുറഞ്ഞത് 700 രൂപയുടെയും പരമാവധി 5000 രൂപയുടെയും ആനുകൂല്യം ഉണ്ടാകും.

സഹകരണ ജീവനക്കാർക്ക് പെൻഷൻ

73 [1398] *ശ്രീ. പി. ജെ. ജോയി:*
,, *ബി. വിജയകുമാർ:*
,, *വി. ഡി. സതീശൻ:*
,, *കെ. മോഹൻകുമാർ:*
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്നുമുതലാണ് അത് നിലവിൽവരുന്നത്;

(ബി) പെൻഷൻ കൊടുക്കുന്നതിനുള്ള തുക എവിടെനിന്നാണ് ലഭിക്കുന്നത്;

(സി) ഈ പദ്ധതിയിൽ അംഗമാകുന്നതിനുള്ള വ്യവസ്ഥ എന്തെല്ലാമാണ്?

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 72 (1397) കാണുക]

(1) 1-7-2002-ലെയോ ഓപ്ഷൻ തീയതിയിലെയോ അടിസ്ഥാന ശമ്പള ത്തോടൊപ്പം ആയതിന്റെ എട്ടുശതമാനം വർദ്ധനവ് വരുത്തിയതിനുശേഷം പഴയ ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനം ക്ഷാമബത്ത ലയിപ്പിക്കുന്ന തുകയോടൊപ്പം മൂന്നു വർഷത്തെ സർവ്വീസിന് ഒരു ഇൻക്രിമെന്റ് എന്ന കണക്കിൽ പരമാവധി മൂന്ന് ഇൻക്രിമെന്റ് പഴയ ശമ്പള സ്കെയിലിലെ നിരക്കിൽ സർവ്വീസ് വെയിറ്റേജ് കൂടി കൂട്ടിക്കിട്ടുന്ന തുക പുതുക്കിയ ശമ്പള സ്കെയിലിലെ സ്റ്റേജാണെങ്കിൽ അതിലും അല്ലെങ്കിൽ അടുത്ത സ്റ്റേജിലും ആയി നിർണ്ണയിക്കേണ്ടതാണ്.

(2) മേൽ പ്രകാരമുള്ള ശമ്പള പരിഷ്കരണംമൂലം ഒരു ജീവനക്കാരന്റെ ശമ്പളം, ശമ്പള സ്കെയിലിന്റെ പരമാവധി തുകയിലെത്തുകയാണെങ്കിൽ ടിയാൾക്ക് അവസാനം വാങ്ങിയ ഇൻക്രിമെന്റ് നിരക്കിൽ പരമാവധി 3 സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് വാങ്ങാവുന്നതാണ്.

(3) പാർട്ട്-ടൈം-കണ്ടിജന്റ് ജീവനക്കാർക്ക് പുതുതായി 2550-50/8-3150-75/10-3900 എന്ന ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്.

(4) പരിഷ്കരിച്ച ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ പത്ത് ശതമാനം പരമാവധി 1300 രൂപ വീട്ടുവാടക ബത്ത അനുവദിച്ചിട്ടുണ്ട്.

(5) സിറ്റി കോമ്പൻസേറ്ററി അലവൻസ് സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ അനുവദിച്ചിട്ടുണ്ട്.

(6) ശമ്പള പരിഷ്കരണ ഉത്തരവിന് 1-7-2002 മുതൽ പ്രാബല്യമുണ്ടെങ്കിലും ഇതുപ്രകാരമുള്ള കുടിശ്ശിക 1-7-2003 മുതൽ മാത്രമേ ലഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly